പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1761 — 06.03.2017-ൽ മറുപടിയ്ക്ക്

## പ്രത്യേക സുരക്ഷാ മേഖല

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. സത്യൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ആറ്റിങ്ങൽ ആർ.ടി. ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ; | (എ) | ആറ്റിങ്ങൽ ആർ.ടി. ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | നിരന്തരം അപകടം സംഭവിക്കുന്ന ദേശീയ പാതയിലെ ആലംകോട് മുതൽ കല്ലമ്പലം വരെയുള്ള ഭാഗം പ്രത്യേക സുരക്ഷാ മേഖലയാക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) | നിരന്തരം അപകടം സംഭവിക്കുന്ന ദേശീയ പാതയിലെ ആലംകോട് മുതൽ കല്ലമ്പലം വരെയുള്ള ഭാഗം ഉഭയദിശാ റോഡായാണ് ഉപയോഗിക്കുന്നത്. ഇപ്പോഴത്തെ വാഹനപ്പെരുപ്പം മൂലം ഈ മേഖലയിൽ റോഡിന് ഉൾക്കൊള്ളാൻ കഴിയുന്നതിൽ കൂടുതൽ വാഹനം ഉള്ളതിനാൽ പലപ്പോഴും ഒരു നിരയിലെ വാഹനങ്ങൾക്ക് മുന്നിൽ പോകുന്ന സ്ലോ മൂവിംഗ് വാഹനങ്ങൾ മൂലം മറികടക്കുവാൻ ബുദ്ധിമുട്ടുമ്പോൾ ട്രാക്കിന് ഞെരുക്കം ഉണ്ടാകുന്നുണ്ട്. ഇവ പരിഹരിക്കുവാൻ ഫോർ ലെയിൻ ട്രാഫിക് സംവിധാനം ഉണ്ടാക്കിയാലേ കഴിയൂ. നിലവിലുള്ള റോഡിന് ഇരുവശങ്ങളിലും 1 മീറ്റർ വരെ വീതി കൂട്ടുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ റോഡ് നാഷണൽ ഹൈവേ ആയതിനാൽ ഈ വിഷയത്തിൽ ശാശ്വത പരിഹാരം നാഷണൽ ഹൈവേ അതോറിറ്റിയിൽ നിന്നാണ് ഉണ്ടാകേണ്ടത്. |

| | | | |
|---|---|---|---|
| (സി) | ഈ മേഖലയിൽ അപകടങ്ങൾ ലഘൂകരിക്കാൻ റോഡ് സുരക്ഷാ അതോറിറ്റി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; ആയതിനായി എത്ര തുക ചെലവഴിച്ചു ; | (സി) | ആലംകോട് മുതൽ കല്ലമ്പലം വരെയുള്ള ഭാഗം ഉൾപ്പെടുന്ന കൊല്ലം-കോവളം റോഡിൽ സൈൻ ബോർഡുകളും മറ്റും സ്ഥാപിക്കുന്നതിനായി 8 കോടി 37 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിക്കുകയും, ഇതു പൂർണ്ണമായും ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ദേശീയ പാതയിലെ അപകടം ലഘൂകരിക്കാൻ പ്രസ്തുത പദ്ധതികൾ സഹായിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ ? | (ഡി) | കൊല്ലം-കോവളം ദേശീയപാതയിലെ അപകടങ്ങൾ കുറയ്ക്കുന്നതിന് ഈ പദ്ധതികൾ സഹായിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ